(ബി) എന്തൊക്കെ ആവശ്യത്തിന് എത്ര വീതം തുകയാണ് അനുവദിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) വിവാഹബന്ധത്തിൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ചെലവിനായി എന്തുതുക അനുവദിച്ചുവെന്നും എന്തുതുക ചെലവിട്ടുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർ ഹജ്ജ് തീർത്ഥാടനത്തിനായി പോയിട്ടുണ്ടെന്നും ഹജ്ജ് യാത്രാ സബ്സിഡിയായി ആകെ എന്തുതുക സർക്കാർ ചെലവിട്ടു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2001-2002, 2002-2003 വർഷങ്ങളിൽ 20 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. വഖഫ് ബോർഡിന്റെ സോഷ്യൽ വെൽഫെയർ സ്കീമിന്റെ പ്രവർത്തനങ്ങൾക്കായിട്ടാണ് ഇതു നൽകിയിട്ടുള്ളത്.

(സി) വിവാഹമോചിതരായ സ്ത്രീകൾക്കോ അവരുടെ കുട്ടികൾക്കോ ചിലവിനായി പ്രത്യേകം തുക സർക്കാർ നൽകിയിട്ടില്ല. എന്നാൽ വിവാഹമോചിതരായ രണ്ടു സ്ത്രീകൾക്ക് കോടതി ഉത്തരവുപ്രകാരം 42,300 രൂപ സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് നൽകിയ ഗ്രാന്റിൽ നിന്നും നൽകിയിട്ടുണ്ടെന്ന് കേരള വഖഫ് ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) 2002-ൽ 6804 പേരും 2003-ൽ 7836 പേരും സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് തീർത്ഥാടനത്തിന് പോയിട്ടുണ്ട്. ഹജ്ജ് തീർത്ഥാടകർക്ക് സംസ്ഥാന സർക്കാർ യാത്രാ സബ്സിഡി നൽകുന്നില്ല.

തൊഴിൽ നിയമ ലംഘനങ്ങൾ

128 [4913] ശ്രീ. കെ. വി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനഃരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ ലംഘിച്ചതിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര തൊഴിൽ വ്യവസായ ഉടമകളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി ബാദ്ധ്യതകളിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ള എത്ര തൊഴിലുടമകളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ ആനുകൂല്യങ്ങൾ നൽകാത്തതിന്റെ പേരിൽ സംസ്ഥാനത്ത് തൊഴിൽ സമരങ്ങൾ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സമരങ്ങൾ ഒത്തുതീർക്കുന്നതിന് തൊഴിൽ വകുപ്പ് നടത്തിയിട്ടുള്ള കൺസിലിയേഷൻ നടപടികൾ വ്യക്തമാക്കാമോ;

(ഇ) തോട്ടം മേഖലയിൽ നിന്ന് മാത്രം പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക ഇനത്തിൽ തോട്ടം ഉടമകൾ അടയ്ക്കേണ്ട സംഖ്യ പലിശ സഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പി.എഫ്., ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ. എന്നിവയിൽ വീഴ്ച വരുത്തിയിട്ടുള്ള ഏതെങ്കിലും ഉടമകളെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആരുടെയൊക്കെ പേരിൽ കേസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഗ്രാറ്റുവിറ്റി ലഭിക്കാത്തതിന്റെ പേരിൽ പീരുമേട് മേഖലയിൽ തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 2798.

(ബി) ഗ്രാറ്റുവിറ്റി നൽകിയില്ല എന്ന കുറ്റത്തിന് തൊഴിൽ ഉടമകളുടെ പേരിൽ കേസ് എടുത്തിട്ടില്ല. പ്രോവിഡന്റ് ഫണ്ടിൽ വീഴ്ച വരുത്തിയതിന് 1404 തൊഴിലുടമകളുടെ പേരിൽ പ്രോസിക്യൂഷൻ കേസുകൾ എടുത്തിട്ടുണ്ട്. ഇ.എസ്.ഐ. ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതിന് 2002-ൽ 210 പേരെയും 2003 ജൂലായ് വരെ 111 പേരെയും പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ട്.

(സി, ഡി) ഇതിന്റെ പേരിൽ മാത്രമായി തൊഴിൽ സമരങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പി. എഫ്. കമ്മീഷണറിൽ നിന്ന് കിട്ടിയ കണക്കനുസരിച്ച് 1519.34 ലക്ഷം രൂപയാണ്.

(എഫ്) (ബി) യുടെ ഉത്തരം കണ്ടാലും.

(ജി) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സഹകരണ ക്രെഡിറ്റ് മേഖലയിൽ പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ

129 [4961] ശ്രീ. പി. ജയരാജൻ :
,, എം. വി. ജയരാജൻ :
,, മത്തായി ചാക്കോ :
,, വിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ക്രെഡിറ്റ് മേഖലയിൽ നിലവിലുള്ള സംഘത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന നിലയിൽ പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റേതെങ്കിലും സംഘത്തിന്റെ പ്രവർത്തന പരിധി ലംഘിക്കുന്നുണ്ടെങ്കിൽ പുതിയ സംഘം രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന് നിയമവ്യവസ്ഥയുണ്ടോ; വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് എത്ര സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകുകയുണ്ടായി; നിയമ വ്യവസ്ഥ ലംഘിച്ചുകൊണ്ട് രജിസ്ട്രേഷൻ നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly